"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - മലപ്പുറം ജില്ല – ചാലിയാർ ഗ്രാമപഞ്ചായത്ത് - 2015-16 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 3.5(2) - തടസ്സപ്പെടുത്തിയ തുക - സാധൂകരണം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ ( എ ബി ) വകുപ്പ്**

സ.ഉ.(സാധാ) നം.1310/2023/LSGD തീയതി,തിരുവനന്തപുരം, 23-06-2023

---

പരാമർശം:-

1. പഞ്ചായത്ത് ഡയറക്ടറുടെ 05.11.2022 ലെ പി എ എൻ/16256/2022- എം3 ( ഡി പി ) നമ്പർ കത്ത്
2. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 02.03.2023 ലെ ഡി.കെ.എസ്.എ 4301/പി.റ്റി2/2022 നമ്പർ കത്ത്

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ ചാലിയർ ഗ്രാമപഞ്ചായത്തിൽ ഹെഡ്മിസ്ട്രസ് നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ സമഗ്രവിദ്യാഭ്യാസം (പ്രോ.നം.16/16) എന്ന പ്രോജക്ടിൽ സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി സ്കൂൾ കുട്ടികൾക്ക് (യു.പി. വിഭാഗം) സൈക്കിൾ വിതരണം ചെയ്തയിനത്തിൽ ചെലവായ 79,900/- രൂപ 2015-16 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-5(2) പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് തടസ്സപ്പെടുത്തിയിരുന്നു .

2. ഇതു സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയിട്ടുള്ള റിപ്പോർട്ടിൽ ചാലിയാർ ഗ്രാമപഞ്ചായത്ത് പരിധിയിലെ 10-ാം ക്ലാസ്സിൽ പഠിക്കുന്ന പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ജില്ലാ പഞ്ചായത്തിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി പരാമർശ ആനുകൂല്യം നൽകുന്നതായി അറിയിച്ചിരുന്ന സാഹചര്യത്തിൽ മറ്റ് ക്ലാസ്സിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കും പ്രസ്തുത ആനുകൂല്യം ലഭ്യമാക്കുന്നതിലേക്കായാണ് 5-ാം ക്ലാസ്സിലെ വിദ്യാർത്ഥികളെ തെരഞ്ഞെടുത്ത് നൽകിയതെന്നും ആയതുമൂലം സർക്കാർ സ്കൂളുകളിൽ നിന്നും കുട്ടികളുടെ കൊഴിഞ്ഞ് പോക്ക് തടയുന്നതിന് സാധിച്ചിട്ടുണ്ടെന്നും അവരുടെ വിദ്യാഭ്യാസനിലവാരം മെച്ചപ്പെടുത്തുവാൻ സാധിച്ചിട്ടുണ്ടെന്നും, ചാലിയാർ ഗ്രാമപഞ്ചായത്തിൽ യാത്രാ സൗകര്യം വളരെ കുറവായ കുട്ടികൾക്ക് പഠനത്തിൽ താൽപര്യവും പഠന സൗകര്യവും മെച്ചപ്പെടുത്തുക എന്നുള്ള ഉദ്ദേശ്യത്തോടെയാണ് പദ്ധതി നടപ്പിലാക്കിയതെന്നും ഈ പദ്ധതി നടപ്പാക്കിയതിന്റെ അടിസ്ഥാനത്തിൽ കൂടുതൽ കുട്ടികളെ സ്കൂളിലേക്ക് ആകർഷിക്കുവാൻ സാധിച്ചിട്ടുള്ളതായും കൂടാതെ തികച്ചും അർഹരായവർക്കാണ് ആനുകൂല്യം നൽകിയതെന്നും പദ്ധതി ലക്ഷ്യം കൈവരിച്ച എന്നതിനാലും ഓഡിറ്റ് നിരാകരിച്ച 79,900/- രൂപയ്ക്ക് സാധൂകരണം ലഭ്യമാക്കുന്നതിലേക്കായി പഞ്ചായത്ത് ഭരണ സമിതി അഭ്യർത്ഥിച്ചിട്ടുണ്ടെന്നും ആയതിന്

മലപ്പുറം ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതി യോഗം ശുപാർശ ചെയ്തിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ആയതിനാൽ തടസ്സപ്പെടുത്തിയ തുകയ്ക്ക് സാധൂകരണം നൽകണമെന്ന് പരാമർശം (1) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശുപാർശ സമർപ്പിച്ചിട്ടുണ്ട് .

3. പ്രസ്തുത പദ്ധതി നിർവ്വഹണത്തിലൂടെ ധനാപഹരണമോ പാഴ്ച്ചെലവോ ഉണ്ടായിട്ടില്ലെന്ന ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ വിലയിരുത്തലും ജില്ലാതല ഓഡിറ്റ് മോണിട്ടറിംഗ് സമിതിയുടെ അനുകൂല ശുപാർശയും പരിഗണിച്ച് ചാലിയാർ ഗ്രാമപഞ്ചായത്തിന്റെ 2015-2016 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.5(2) ലെ പരാമർശത്തിന് സാധൂകരണം നൽകുന്നതിൽ വകുപ്പിന് എതിരഭിപ്രായമില്ലെന്ന് പരാമർശം (2) പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട് .

4 . സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു . പഞ്ചായത്ത് ഡയറക്ടർ, സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ എന്നിവരുടെ ശുപാർശ പരിഗണിച്ചും പഞ്ചായത്ത് ഭരണസമിതി തീരുമാനം, ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി തീരുമാനം എന്നിവ കണക്കിലെടുത്തും വരും വർഷങ്ങളിൽ മാർഗ്ഗരേഖയിൽ നിന്നും വ്യതിചലിച്ച് പദ്ധതികൾ നടപ്പാക്കരുത് എന്നുള്ള നിർദ്ദേശത്തോട് കൂടി മലപ്പുറം ജില്ലയിലെ ചാലിയാർ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-5(2) പ്രകാരം തടസ്സപ്പെടുത്തിയ 79,900/- രൂപയുടെ (എഴുപത്തി ഒമ്പതിനായിരത്തി തൊള്ളായിരം രൂപ മാത്രം) ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബീന പി എസ്
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് ( റൂറൽ ) തിരുവനന്തപുരം
സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, ചാലിയാർ ഗ്രാമപഞ്ചായത്ത്, മലപ്പുറം
അക്കൗണ്ടന്റ് ജനറൽ ( എ & ഇ/ഓഡിറ്റ് ) കേരള , തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ , തിരുവനന്തപുരം ( തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി )
വെബ് & ന്യൂ മീഡിയ, വിവരപൊതുജന സമ്പർക്ക വകുപ്പ് ( സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി )
സ്റ്റോക്ക് ഫയൽ / ഓഫീസ് പകർപ്പ് ( LSGD-AB2/172/2022-LSGD )

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ